# NATIONAL BULLETIN

DATE : 21.12.2024 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. ഇന്ത്യയും കുവൈത്തും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തിന് ഇന്ത്യ ഏറെ പ്രാധാന്യം കല്പ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി കുവൈത്തിലേക്ക് പുറപ്പെട്ടു.

   **PM Modi emphasizes India's strong historical ties with Kuwait. PMs two-day visit to Kuwait begins.**

2. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻറെ അധ്യക്ഷതയിൽ ചേരുന്ന ജി.എസ്.ടി കൗൺസിലിൻറെ 55-ാമത് യോഗം രാജസ്ഥാനിൽ ആരംഭിച്ചു.

   **55th GST Council Meeting chaired by Nirmala Sitharaman kicks off in Rajasthan.**

3. മലേറിയ കേസുകളും മരണനിരക്കും ലഘൂകരിക്കുന്നതിൽ ഇന്ത്യ മികച്ച പുരോഗതി കൈവരിച്ചതായി ലോകാരോഗ്യ സംഘടന.

   **WHO states that India has demonstrated remarkable progress in reducing malaria cases and associated mortality.**

4. കേന്ദ്രമന്ത്രി മനോഹർ ലാൽ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും.

   **Union Minister Manohar Lal will arrive in Kerala today for a two-day visit.**

5. സപ്ലൈകോ ക്രിസ്തുമസ്-ന്യൂ ഇയർ ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു.

CM Pinarayi Vijayan inaugurates Supplyco Christmas-New Year Fairs in Thiruvananthapuram.

6. അണ്ടർ 19 വനിതാ ടി-20 ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ നാളെ ബംഗ്ലാദേശുമായി ഏറ്റുമുട്ടും.

India to face Bangladesh in Under-19 Women's T-20 Asia Cup final tomorrow.

&&&&&&&&&&&&&&&&

## HEADLINE – 1

## PM- KUWAIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി കുവൈത്തിലേക്ക് പുറപ്പെട്ടു. കുവൈത്ത് അമീറിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം. 43 വർഷത്തിന് ശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈത്ത് സന്ദർശിക്കുന്നത്. ഇന്ത്യയും കുവൈത്തും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തിന് ഇന്ത്യ ഏറെ പ്രാധാന്യം കല്പ്പിക്കുന്നതായി യാത്രയ്ക്കു മുന്നോടിയായി പുറത്തിറക്കിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. ഊർജം, വ്യാപാരം എന്നിവയിൽ മാത്രമല്ല സമാധാനം, സുരക്ഷ, പശ്ചിമേഷ്യയുടെ അഭിവൃത്തി എന്നിവയിൽ ഇരു രാജ്യങ്ങൾക്കും ഒരേ താത്പര്യമാണുള്ളതെന്നും പ്രധാനമന്ത്രി പറഞ്ഞു. സന്ദർശന വേളയിൽ കുവൈത്ത് നേതൃത്വവുമായി ശ്രീ മോദി ചർച്ച നടത്തും. കുവൈത്തിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കുന്ന പ്രധാനമന്ത്രി ലേബർ ക്യാമ്പുകളും സന്ദർശിക്കും. 26-മത് അറേബ്യൻ ഗൾഫ് കപ്പിൻറെ ഉദ്ഘാടന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും. നാളെ, പ്രധാനമന്ത്രിക്ക് ബയാൻ കൊട്ടാരത്തിൽ ആചാരപരമായ ഗാർഡ് ഓഫ് ഓണർ നൽകും.

&&&&&&&&&&&&&&&&

## HEADLINE – 2
## GST MEETING JAISALMER

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻറെ അധ്യക്ഷതയിൽ ചേരുന്ന ജി.എസ്.ടി കൗൺസിലിൻറെ 55-ാമത് യോഗം രാജസ്ഥാനിലെ ജയ്സാൽമീറിൽ പുരോഗമിക്കുന്നു. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ യോഗത്തിൽ ചർച്ചയാകും. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ധനമന്ത്രിമാർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&

## SHAH-NEC

ത്രിപുരയിലെ അഗർത്തലയിൽ നടക്കുന്ന നോർത്ത് ഈസ്റ്റ് കൗൺസിലിന്റെ 72-ാമത് പ്ലീനറി യോഗത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് പങ്കെടുക്കും. കേന്ദ്രമന്ത്രിമാരായ ജ്യോതിരാദിത്യ സിന്ധ്യ, സുകാന്ത മജുംദാർ എല്ലാ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെയും ഗവർണർമാരും മുഖ്യമന്ത്രിമാരും യോഗത്തിൽ പങ്കെടുക്കും. ഇന്നലെയാണ് യോഗം ആരംഭിച്ചത്. വടക്ക് കിഴക്കൻ മേഖലയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് എൻഇസി യോഗം പുതിയ അടിത്തറ പാകുമെന്ന് കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ ഇന്നലെ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 4
## MANOHARLAL

കേന്ദ്ര ഊർജ്ജ, നഗരകാര്യ മന്ത്രി മനോഹർ ലാൽ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയനുമായി

അദ്ദേഹം നാളെ തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തും. ഊർജ്ജ, നഗരകാര്യ പദ്ധതികളുടെ അവലോകനവും സന്ദർശനത്തിന്റെ ഭാഗമായി നടക്കും. തുടർന്ന് കൊച്ചി സന്ദർശിക്കുന്ന അദ്ദേഹം വാട്ടർ മെട്രോ പ്രവർത്തനങ്ങളും വിലയിരുത്തും.

&&&&&&&&&&&&&&&&

## HEADLINE – 3
## WHO-MALARIA

മലേറിയ കേസുകളും അനുബന്ധ മരണനിരക്കും ലഘൂകരിക്കുന്നതിൽ ഇന്ത്യ മികച്ച പുരോഗതി കൈവരിച്ചതായി ലോകാരോഗ്യ സംഘടന. WHO യുടെ ഈ വർഷത്തെ വേൾഡ് മലേറിയ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. ഗ്രാമ പ്രദേശങ്ങളിൽ മലേറിയ ഫലപ്രദമായി കുറയ്ക്കുന്നതിൽ ഇന്ത്യയിലെ സാമൂഹിക ആരോഗ്യ പ്രവർത്തകരുടെ സംഭാവനകളും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു. രാജ്യത്തെ മലേറിയ കേസുകളുടെ എണ്ണം 2017 ലെ 6.4 ദശലക്ഷത്തിൽ നിന്ന് 2023 ൽ 2 ദശലക്ഷമായി കുറഞ്ഞു. മലേറിയ മരണനിരക്കിൽ കുറവുണ്ടായതായും ലോകാരോഗ്യ സംഘടന അറിയിച്ചു.

&&&&&&&&&&&&&&&&

## INDIA - BANGLADESH - INTRO

ബംഗ്ലാദേശുമായി പരസ്പര വിശ്വാസത്തിലൂന്നിയ ക്രിയാത്മകമായ ബന്ധം കെട്ടിപ്പടുക്കാനാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്ന് വിദേശകാര്യ മന്ത്രാലയം. സമാധാനവും സുസ്ഥിരവുമായ ബംഗ്ലാദേശിനെ ഇന്ത്യ പിന്തുണയ്ക്കുന്നതായും മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

(ഹോൾഡ് വോയ്സ്)

2005-ൽ അംഗീകരിച്ച രാഷ്ട്രീയ മാനദണ്ഡങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി അതിർത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള ചട്ടക്കൂട് തയ്യാറാക്കാനുള്ള പ്രതിജ്ഞാബദ്ധത ഇന്ത്യയും ചൈനയും ഉറപ്പിച്ചതായും ശ്രീ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&&&

## MT VASUDEVAN NAIR

കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന വിഖ്യാത സാഹിത്യകാരൻ എം.ടി.വാസുദേവൻ നായരുടെ ആരോഗ്യ നില മാറ്റമില്ലാതെ തുടരുന്നു. ഇന്നലെ ഗോവ ഗവർണർ പി എസ് ശ്രീധരൻ പിള്ളയും മന്ത്രിമാരായ AK ശശീന്ദ്രൻ, PA മുഹമ്മദ് റിയാസ്, കടന്നപ്പള്ളിരാമചന്ദ്രൻ തുടങ്ങിയവരും ആശുപത്രി സന്ദർശിച്ച് എം ടി യുടെ ആരോഗ്യസ്ഥിതി വിലയിരുത്തി. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി എം ടി യുടെ മകൾ അശ്വതിയുമായി ഫോണിൽ സംസാരിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 5
## SUPPLYCO FARE

സപ്ലൈകോ ക്രിസ്തുമസ്-ന്യൂ ഇയർ ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു. ഈ മാസം 30 വരെ നീളുന്ന വിപണന മേളയിൽ 13 ഇനം സബ്സിഡി സാധനങ്ങൾക്ക് പുറമെ ശബരി ഉൽപ്പന്നങ്ങളും 10 മുതൽ 40 ശതമാനം വിലക്കുറവിൽ ലഭിക്കും.

&&&&&&&&&&&&&&&&

## V SIVANKUTTY

തിരുവന്തപുരം ചെങ്കൽ യു.പി. സ്കൂളിലെ ഏഴാം ക്ലാസുകാരിക്ക് സ്കൂളിൽ വച്ച് പാമ്പുകടിയേറ്റ സംഭവത്തിൽ അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് മന്ത്രി വി.ശിവൻകുട്ടി നിർദ്ദേശം നൽകി. നെയ്യാറ്റിൻകര ചെങ്കൽ സ്കൂളിൽ ക്രിസ്തുമസ് ആഘോഷം നടക്കുന്നതിനിടെ ഏഴാം ക്ലാസുകാരി നേഹയ്ക്ക് കഴിഞ്ഞ ദിവസമാണ് പാമ്പ് കടിയേറ്റത്.

&&&&&&&&&&&&&&&&&

## ASWINI VAISHNAV - INTRO

2025 കാലയളവിൽ കൊപ്രയുടെ കുറഞ്ഞ താങ്ങുവിലയ്ക്ക് കേന്ദ്ര സാമ്പത്തികകാര്യ മന്ത്രിസഭാ സമിതിയുടെ അംഗീകാരം. മിൽ കൊപ്രയുടെ ശരാശരി ഗുണനിലവാരത്തിനുള്ള ന്യായമായ താങ്ങുവില ക്വിന്റലിന് 11,582 ആയും ഉണ്ടക്കൊപ്ര ക്വിന്റലിന് 12,100 ആയും നിശ്ചയിച്ചിട്ടുണ്ട്. കർണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലാണ് ഏറ്റവും അധികം കൊപ്ര ഉൽപാദിപ്പിക്കുന്നതെന്ന് മന്ത്രിസഭ യോഗ തീരുമാനം വിശദീകരിക്കവെ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(വോയിസ്)

കർഷകരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധതയുടെ പ്രതിഫലനമാണിതെന്നും ശ്രീ വൈഷ്ണവ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## RAHUL GANDHI

പാർലമെൻറ് ഹൗസിൽ നടന്ന പ്രതിഷേധത്തിനിടെ രണ്ട് ബിജെപി എംപിമാരെ ആക്രമിച്ചെന്ന ആരോപണം സംബന്ധിച്ച കേസ് തുടരന്വേഷണത്തിനായി ഡൽഹി പൊലീസ് ക്രൈംബ്രാഞ്ചിന് കൈമാറി. ബിജെപി എംപിമാരായ അനുരാഗ് സിംഗ് ഠാക്കൂർ, ബൻസുരി സ്വരാജ്, ഹേമാംഗ് ജോഷി എന്നിവർ കഴിഞ്ഞ വ്യാഴാഴ്ചയാണ് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കെതിരെ പരാതി നൽകിയത്.

&&&&&&&&&&&&&&&&

## HEADLINE – 6

## U-19 WOMENS ASIA CUP

മലേഷ്യയിലെ ക്വാലാലംപൂരിൽ നാളെ നടക്കുന്ന അണ്ടർ 19 വനിതാ ടി-20 ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ ബംഗ്ലാദേശുമായി ഏറ്റുമുട്ടും. ഇന്ത്യൻ സമയം രാവിലെ 7 മണിക്കാണ് മത്സരം. ഇന്നലെ നടന്ന സൂപ്പർ 4 മത്സരത്തിൽ ശ്രീലങ്കയെ നാല് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ ഇടം നേടിയത്.

&&&&&&&&&&&&&&&&

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്ന് മൂന്ന് മത്സരങ്ങൾ. രാവിലെ നടന്ന മത്സരത്തിൽ ജമ്മുകശ്മീർ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തെലങ്കാനയെ പരാജയപ്പെടുത്തി. ഉച്ചക്ക് രണ്ടരക്ക് രാജസ്ഥാൻ, സർവീസസിനെയും രാത്രി ഏഴരയ്ക്ക് ബംഗാൾ - മണിപ്പൂരിനെയും നേരിടും. തുടർച്ചയായ നാലാം ജയം തേടി കേരളം നാളെ ഡൽഹിയെ നേരിടും.

&&&&&&&&&&&&&&&&&

## K-9 VAJRA-T

ഇന്ത്യൻ സൈന്യത്തിന് വേണ്ടി K-9 വജ്ര-T ആർട്ടിലറി തോക്കുകൾ വാങ്ങുന്നതിനായി പ്രതിരോധ മന്ത്രാലയം 7,600 കോടി രൂപയുടെ കരാറിൽ ഒപ്പുവച്ചു. ന്യൂഡൽഹിയിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ്ങിന്റെ സാന്നിധ്യത്തിലാണ് മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരും കമ്പനി പ്രതിനിധികളും കരാർ ഒപ്പിട്ടത്.

&&&&&&&&&&&&&&&&&

## JAIPUR- ACCIDENT

ജയ്പൂരിൽ ഗ്യാസ് ടാങ്കർ മറിഞ്ഞുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം 14 ആയി. പരിക്കേറ്റ 27 പേർ ചികിത്സയിലാണ്. ആറു പേരുടെ നില ഗുരുതരമാണ്. സംഭവത്തിൽ സംയുക്ത അന്വേഷണ കമ്മിറ്റി രൂപീകരിച്ചതായി ജയ്പൂർ ജില്ലാ കളക്ടർ അറിയിച്ചു. ഇന്നലെ രാവിലെ ജയ്പൂർ- അജ്മീൽ ഹൈവേയിലുണ്ടായ അപകടത്തിൽ 40ലേറെ വാഹനങ്ങൾ കത്തി നശിച്ചിരുന്നു. സമീപത്തെ പൈപ്പ് ഫാക്ടറിയിക്കും നാശനഷ്ടമുണ്ടായി.

&&&&&&&&&&&&&&&&&

## IMD- COLDWAVE

ജമ്മുകശ്മീരിലും ഹിമാചൽ പ്രദേശിലും അടുത്ത അഞ്ചു ദിവസം അതിശൈത്യം അനുഭവപ്പെട്ടേക്കാമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പഞ്ചാബ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ തിങ്കളാഴ്ച വരെയും അതിശൈത്യം അനുഭവപ്പെടും. ഹിമാചൽ പ്രദേശ്, കിഴക്കൻ രാജസ്ഥാൻ, ഝാർഖണ്ഡ് എന്നിവടങ്ങളിലെ ഒറ്റപ്പെട്ട

ഇടങ്ങളിൽ നാളെ വരെ രാത്രിയിലും പുലർച്ചെയും കനത്ത മൂടൽ മഞ്ഞ് അനുഭവപ്പെടാമെന്നും മുന്നറിയിപ്പ്.

&&&&&&&&&&&&&&&&

## WORLD MEDITATION DAY

ഇന്ന് ലോക ധ്യാന ദിനം. ശാരീരികവും മാനസികവുമായ ആരോഗ്യവും ക്ഷേമവും ലക്ഷ്യമിട്ടാണ് ഇന്ന് ആദ്യ ലോക ധ്യാന ദിനം ആചരിക്കുന്നത്. ഡിസംബർ 21 ലോക ധ്യാന ദിനമായി പ്രഖ്യാപിക്കാനുള്ള പ്രമേയം അടുത്തിടെയാണ് യു എൻ പൊതു സഭ ഏകകണ്ഠമായി അംഗീകരിച്ചത്. ദിനാചരണത്തിൻറെ ഭാഗമായി ഇന്ന് ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്ത് തത്സമയ ആഗോള ധ്യാനമുൾപ്പെടെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&

## ENFORCEMENT DIRECTORATE

കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ബിആർഎസ് നേതാവും മുൻ മന്ത്രിയുമായ കെ താരകരാമ റാവുവിനെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കേസെടുത്തു. കഴിഞ്ഞ വർഷം ഹൈദരാബാദിൽ നടന്ന ഫോർമുല-ഇ കാർ റേസിനിടെ പണമിടപാട് ക്രമക്കേട് നടത്തിയെന്ന കേസിലാണ് ഇ.ഡിയുടെ നടപടി.

&&&&&&&&&&&&&&&&

## PM- RANN UTSAV

ഗുജറാത്തിലെ ധോർദോയിൽ സംഘടിപ്പിക്കുന്ന റൺ ഉത്സവ് കച്ചിൻറെ പാരമ്പര്യത്തിൻറെയും സംസ്കാരത്തിൻറെയും പൈതൃകത്തിൻറെയും പ്രതീകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കരകൗശല

വിപണി, സാംസ്കാരിക പരിപാടികൾ തുടങ്ങിയവയാൽ സമ്പന്നമായ റൺ ഉത്സവ് എല്ലാവരും കുടുംബസമേതം ഒരിക്കലെങ്കിലും സന്ദർശിക്കണമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിലൂടെ അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&

## US-SPENDING BILL

അമേരിക്കയിൽ സ്പെൻഡിങ് ബിൽ പാസാക്കി യുഎസ് ജനപ്രതിനിധി സഭ. പഴയ സർക്കാരിൻറെ സമയപരിധി അവസാനിക്കുന്നതിന് ഏതാനും മണിക്കൂറുകൾക്ക് മുൻപാണ് ബിൽ പാസ്സാക്കിയത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&